പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4323 21.07.2015 - ൽ മറുപടിയ്ക്ക്

**എൻഡോസൾഫാൻ ദുരിത മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾ**

ചോദ്യം

ശ്രീ. സി.കൃഷ്ണൻ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ സാമൂഹ്യക്ഷേമ വകുപ്പുമുഖേന എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ ; | (എ) | 1. ആരോഗ്യ വകുപ്പ് നടത്തിയ സർവ്വേയുടേയും മെഡിക്കൽ ക്യാമ്പിന്റേയും അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ കളക്ടർ അംഗീകരിച്ച് നൽകുന്ന ദുരിതബാധിതരുടെ ലിസ്റ്റ് പ്രകാരം ദീർഘകാല ചികിത്സ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700/- രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2200/- രൂപയും എൻഡോസൾഫാൻ ദുരിത ബാധിതരായ മറ്റുള്ളവർക്ക് 1200/- രൂപ വീതവും പ്രതിമാസ ധനസഹായം സ്നേഹസാന്ത്വനം പദ്ധതി പ്രകാരം അനുവദിച്ചുവരുന്നു.<br>2. എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും ഒന്ന് മുതൽ ഏഴാം ക്ലാസ്സുവരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്നവർക്കും 2000/- രൂപ വീതവും 8 മുതൽ 10 വരെയുള്ള ക്ലാസ്സുവരെയുള്ളവർക്ക് 3000/- രൂപ വീതവും 11, 12 ക്ലാസ്സുകളിലുള്ളവർക്ക് 4000/- രൂപ വീതവും ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിയും കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്നു.<br>3. എൻഡോസൾഫാൻ ദുരിതബാധിതരുടെ ഗണത്തിൽ പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവർ) പരിചരിക്കുന്ന ഒരാൾക്ക് സാമൂഹ്യ സുരക്ഷാ മിഷന്റെ സ്പെഷ്യൽ ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി |

<table>
<tr><td></td><td></td><td></td><td>പ്രതിമാസം 700/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു.</td></tr>
<tr><td>(ബി)</td><td>2014-15 സാമ്പത്തിക വർഷം എൻഡോസൾഫാൻ ദുരിത മേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾക്ക് എത്ര തുക വകയിരുത്തിയി ട്ടുണ്ടെന്നും അവയിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും പദ്ധതികൾ അടിസ്ഥാന ത്തിൽ വിശദമാക്കാമോ ?</td><td>(ബി)</td><td>2014-15 സാമ്പത്തിക വർഷം എൻഡോസൾഫാൻ ദുരിത ബാധിതർക്ക് വേണ്ടി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾക്കായി 9 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തി കേരള സാമൂഹ്യ സുരക്ഷാ മിഷന് അനുവദിച്ചു നൽകുകയുണ്ടായി. തുക ചെലവഴിച്ചതിന്റെ വിശദാംശം പദ്ധതിയടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. അധിക തുക കോർപ്പസ് ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.
<table>
<tr><th>ക്രമ നമ്പർ</th><th>പദ്ധതി വിശദാംശം</th><th>ചെലവഴിച്ച തുക</th></tr>
<tr><td>1</td><td>സ്നേഹസാന്ത്വനം പദ്ധതി</td><td>9,22,10,920/-</td></tr>
<tr><td>2</td><td>ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്കുള്ള ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായ പദ്ധതി</td><td>68,52,300/-</td></tr>
<tr><td>3</td><td>സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി</td><td>77,92,712/-</td></tr>
<tr><td>4</td><td>എൻഡോസൾഫാൻ ദുരിത ബാധിത പഞ്ചായത്തുകൾക്ക് ആംബുലൻസ് വാങ്ങുന്നതിനായി കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുവദിച്ച തുക</td><td>71,73,012/-</td></tr>
<tr><td>5</td><td>മറ്റ് ചെലവുകൾ</td><td>12,766/-</td></tr>
<tr><td colspan="2">ആകെ</td><td>11,40,41,710/-</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ